(ബി) സംഘം സെക്രട്ടറിയുടെ ചാർജ് സീനിയർ മാനേജരും, വട്ടിയൂർക്കാവ് ബ്രാഞ്ച് മാനേജരുടെ ചാർജ് അക്കൗണ്ടന്റും വഹിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) സംഘത്തിൽ ഓണററി സെക്രട്ടറിയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ടി സെക്രട്ടറി സ്ഥാനമൊഴിഞ്ഞതിനാൽ ഒഴിവുള്ള പെയ്ഡ് സെക്രട്ടറി സ്ഥാനത്തേക്ക് ഇതുവരെ നിയമനം നടത്തിയിട്ടില്ല. തൽക്കാലം അക്കൗണ്ടന്റിന് സെക്രട്ടറിയുടെ ചാർജ് നൽകിയിരിക്കുകയാണ്. പെയ്ഡ് സെക്രട്ടറിയുടെ സ്ഥാനത്തേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് ഇതുവരെ സംഘം നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ അർഹതപ്പെട്ടവർക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി കൈക്കൊള്ളുന്നതിന് സംഘത്തിന് നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സംഘം അഡ്മിനിസ്ട്രേറ്റർമാരുടെ അധികാരങ്ങളും അവകാശങ്ങളും

147 [3552] ശ്രീ. മഞ്ഞളാംകുഴി അലി:

„ വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘത്തിൽ താത്കാലികമായി നിയോഗിക്കപ്പെടുന്ന അഡ്മിനിസ്ട്രേറ്റർമാർക്ക് നയപരമായ കാര്യങ്ങളിൽ തീരുമാനം എടുക്കാൻ അധികാരം നൽകിയിട്ടുണ്ടോ;

(ബി) സംഘം അഡ്മിനിസ്ട്രേറ്റർമാരുടെ നിയമപ്രകാരമുള്ള അധികാരങ്ങളും അവകാശങ്ങളും വിശദമാക്കുമോ;

(സി) അഡ്മിനിസ്ട്രേറ്റർമാർക്ക് സംഘങ്ങളിൽ പുതുതായി അംഗത്വം നൽകാനും അവർക്ക് സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പുകളിൽ വോട്ടവകാശം വിനിയോഗിക്കാനും അധികാരം നൽകിക്കൊണ്ട് സർക്കാർ റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ഡി) സഹകരണസംഘം അഡ്മിനിസ്ട്രേറ്ററുടെ അംഗത്വം നൽകാനുള്ള അധികാരം സംബന്ധിച്ച് സുപ്രീംകോടതി വിധി എന്തായിരുന്നു?

ഉത്തരം

(എ, ബി) 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 32 പ്രകാരവും വകുപ്പ് 33 പ്രകാരവും സഹകരണ സംഘങ്ങളിൽ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർമാർ രജിസ്ട്രാറുടെ നിയന്ത്രണത്തിൽ അതാത് സമയം നൽകുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി കമ്മിറ്റിയുടേയോ, അഥവാ സംഘത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ, എല്ലാമോ അഥവാ ഏതെങ്കിലുമോ അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനും സംഘത്തിന്റെ താൽപ്പര്യാർത്ഥം ആവശ്യമായി വരാവുന്ന പ്രകാരമുള്ള എല്ലാ നടപടികളും എടുക്കുന്നതിനും അധികാരമുള്ളവരാണ്. കൂടാതെ സംഘത്തിന്റെ നിയമാവലി അനുസരിച്ച് പുതിയ ഭരണസമിതിയുടെ രൂപീകരണത്തിന് നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ *Vs.* ടി. എ. കുട്ടപ്പൻ എന്ന കേസിൽ സുപ്രീം കോടതിവിധി അനുസരിച്ച് സഹകരണസംഘം നിയമത്തിലെ വകുപ്പ് 32, 33 എന്നിവ പ്രകാരം നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് സഹകരണ സംഘത്തിൽ പുതിയ അംഗങ്ങളെ ചേർക്കാൻ അധികാരം ഇല്ല.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ ജനറൽ മാനേജർ-ഡെപ്യൂട്ടി ജനറൽ മാനേജർ നിയമനം

148 [3553] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ എന്നീ തസ്തികകളിൽ പി. എസ്. സി. വഴി നിയമനം നടത്തണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇങ്ങനെ ഉണ്ടെങ്കിൽ ഈ ഉത്തരവ് നടപ്പിൽ വരുത്തുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ എന്നീ തസ്തികകളിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സഹകരണ ബാങ്കുകളിലെ നിയമനങ്ങളിൽ സർക്കാർ നിയന്ത്രണം

149 [3554] ശ്രീ. എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. രാജു:
,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളിൽ വളരെയധികം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ വകുപ്പുകളിലെ ഒഴിവുകൾ സർക്കാരിനെ അപ്പപ്പോൾ അറിയിക്കണമെന്ന് നിബന്ധനയുണ്ടോ;

(സി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly